
# കത്തുകൾ




## പരിഷത്തിന് പിഴച്ചത്

**മൂലമ്പിള്ളി** കുടിയൊഴിപ്പിക്കലും കുമ്പഴ ഭൂസമരവും വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ വീണ്ടും സജീവമാക്കിയിരിക്കുകയാണല്ലോ. ജനപക്ഷ വികസന കാഴ്ചപ്പാടിന്റെയും വികസന സംസ്കാരത്തിന്റെയും അപര്യാപ്തതയാണ് കേരളത്തിന്റെ തകർച്ചക്ക് മുഖ്യ കാരണമെന്ന് ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സമ്മേളനത്തിൽ ഡോ. കെ.എൻ പണിക്കർ നിരീക്ഷിക്കുകയുണ്ടായി. കേരളത്തിൽ കൊളോണിയൽ ഭരണവ്യവസ്ഥയാണ് ഇപ്പോഴുള്ളതെന്ന് തൃശൂരിൽ ചേർന്ന പരിഷത്ത് സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ അഭിപ്രായപ്പെട്ടു. ഇടതുപക്ഷം കേരളം ഭരിക്കുന്ന അവസരത്തിലും സത്യസന്ധമായ വിലയിരുത്തലിന് തയാറായ പരിഷത്തിന്റെ നിലപാട് സ്വാഗതാർഹമാണ്. പക്ഷേ, ശാസ്ത്ര സാഹിത്യ പരിഷത്തും ഈ അവസ്ഥക്ക് കാരണക്കാരാണ്. വലതുപക്ഷ, മുതലാളിത്ത നയങ്ങൾ പിന്തുടരുന്ന യു.ഡി.എഫ് ഭരിച്ച അത്രതന്നെ കാലം കമ്യൂണിസ്റ്റുകാരും കേരളം ഭരിച്ചിട്ടുണ്ട്. അന്നൊക്കെ ഇടതുപക്ഷ ഭരണകൂടങ്ങൾക്ക് മാർഗനിർദേശം നൽകിയിരുന്നത് ശാസ്ത്ര സാഹിത്യ പരിഷത്താണ്. ഇന്നും ഇടതുപക്ഷത്തിന്റെ നിർണായക മന്ത്രാലയങ്ങളെ നിയന്ത്രിക്കുന്നത് മുൻ പരിഷത്തുകാരാണ്.

ശാസ്ത്രീയവും ജനപക്ഷത്ത് നിൽക്കുന്നതുമായ ഒരു വികസന മാതൃക കേരളത്തിന് സമർപ്പിക്കാൻ ശേഷിയുള്ള ഒരു സംഘടനയെന്ന നിലയിൽ പ്രതീക്ഷയോടെയാണ് കേരളത്തിലെ വിദ്യാസമ്പന്നരായ ജനത, ആധുനിക മതേതര മൂല്യങ്ങളിൽ പ്രതീക്ഷകളർപ്പിച്ചവർ പ്രത്യേകിച്ചും, പരിഷത്തിനെ നോക്കിക്കണ്ടിരുന്നത്. മതേതര ഭൗതികവാദത്തിന്റെയും യുക്തിവാദത്തിന്റെയും വരട്ടുതത്ത്വവാദങ്ങളുടെ മനംമടുപ്പ് മാറ്റാൻ പലരും പരിഷത്ത് പ്രവർത്തനങ്ങളിൽ പങ്കുകൊള്ളുകയും പരിഷത്തിന്റെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ ആത്മീയത കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. പിന്നീട് പരിഷത്തിന്റെ പ്രഭക്ക് മങ്ങലേറ്റു.

എവിടെയാണ് പരിഷത്തിന് പിഴച്ചത്? അടിസ്ഥാനപരമായി രണ്ടുതരം ആളുകളായിരുന്നു പരിഷത്തിന്റെ പ്രവർത്തകർ. ശാസ്ത്ര, സാമൂഹിക പ്രവർത്തനങ്ങളെ ജനപക്ഷത്തു നിർത്താൻ ഒരു മൂല്യ വ്യവസ്ഥ ആവശ്യമാണെന്നും കമ്യൂണിസത്തിന് അത്തരമൊരു മൂല്യവ്യവസ്ഥയായി വർത്തിക്കാൻ കഴിയുമെന്നും വിശ്വസിച്ചവരാണ് ഒരു കൂട്ടർ. 'ശാസ്ത്രം സാമൂഹിക വിപ്ലവത്തിന്' തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കിയ, ശാസ്ത്രത്തിന് സ്വയം ഒരു മൂല്യവ്യവസ്ഥയായി നിലനിൽക്കാൻ കഴിയുമെന്ന് വിശ്വസിച്ച ആളുകളാണ് മറ്റേ കൂട്ടർ. ഇരു വിഭാഗവും സി.പി.എമ്മിന്റെ രക്ഷാകർതൃത്വത്തിൽ കുറെക്കാലം കഴിഞ്ഞുപോന്നു. അങ്ങനെയിരിക്കെയാണ് കിഴക്കൻ യൂറോപ്പിലും മറ്റും കമ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ തകർന്നടിയുന്നത്. പരിഷത്തുകാരന് കമ്യൂണിസത്തിന്റെ പോക്കിന്റെ ഗതി പെട്ടെന്ന് പിടികിട്ടി. അവർ മറ്റു പരിഹാരങ്ങളെക്കുറിച്ച് അന്വേഷണമാരംഭിച്ചു. അങ്ങനെയാണ് 'നാലാം ലോകവാദം' മുതൽ മുതലാളിത്തത്തെ 'മയപ്പെടുത്തൽ വാദം' വരെ പിറവികൊള്ളുന്നത്. കട്ടികുറഞ്ഞ കമ്യൂണിസം, ശാസ്ത്രപ്രവർത്തനങ്ങൾ എന്നിവയുമായി ഇപ്പോഴും മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ് പരിഷത്തിന്റെ മുഖ്യധാര. പരിഷത്തുകാർ സാമ്രാജ്യത്വത്തിന്റെ ഏജന്റുമാരാണെന്ന ചില തീവ്ര കമ്യൂണിസ്റ്റുകളുടെ വാദങ്ങളെ ജനം പരിഹാസത്തോടെയാണ് കാണുന്നതെങ്കിലും, ശാസ്ത്ര സാഹിത്യ പരിഷത്തിന് കേരളത്തിന്റെ ചിന്താമണ്ഡലത്തിൽ സ്വാധീനം ഏറ്റവും കുറഞ്ഞ സമയമാണിപ്പോൾ.

ശാസ്ത്രത്തിന് സ്വയം മൂല്യവ്യവസ്ഥയാവാൻ പറ്റുമെന്നും ജനപക്ഷത്തു നിൽക്കാൻ കഴിയുമെന്നും തെറ്റിദ്ധരിച്ചതാണ് പരിഷത്തിനു പറ്റിയ തെറ്റ്. കമ്യൂണിസ്റ്റ് പാർട്ടിയംഗങ്ങളായ പരിഷത്തുകാരാവട്ടെ, മനുഷ്യന്റെ എല്ലാ പ്രശ്നങ്ങളെയും സാമ്പത്തിക ഘടകത്തിലേക്ക് ന്യൂനീകരിക്കുന്ന കമ്യൂണിസം, അടിസ്ഥാനപരമായി മുതലാളിത്തത്തിൽനിന്ന് വ്യത്യസ്തമല്ലെന്ന് തിരിച്ചറിഞ്ഞതുമില്ല. മുതലാളിത്തത്തിന്റെ

## മഹാദേവൻ തമ്പിയുടെ കഥകൾ

**എസ്.** മഹാദേവൻ തമ്പിയുടെ കഥകളിലെ ദുഷ്ടകഥാപാത്രങ്ങളെല്ലാം മുസ്‌ലിം നാമധാരികളായതിൽ പരിഭവിച്ചും പരിതപിച്ചും നുഹാ ബിൻത് കബ്ബായി എഴുതിയ കുറിപ്പ് കണ്ടു (ലക്കം: 40). കഥയെ കഥയായി കാണാനും എഴുത്തുകാരന്റെ വിവേചനാധികാരത്തെ തിരിച്ചറിയാനും സാധിക്കാതെ വരുമ്പോഴാണ് ഇത്തരം നിഗമനത്തിൽ വായനക്കാർ പലപ്പോഴും എത്തിപ്പെടാറുള്ളത്. ദുരന്തത്തിനിരയായവരുടെ ലിസ്റ്റ് വായിക്കുമ്പോൾ 'ഞമ്മന്റെ ആളെത്ര, നിങ്ങടെ ആളെത്ര' എന്ന് തിരക്കുന്നവരുടെ വിതാനത്തിലേക്ക് വായനക്കാരുടെ മനോഗതം ആപതിക്കുമ്പോഴാണ് തീർച്ചയായും കഥാപാത്രങ്ങളുടെ ജാതിയും മതവും ഒക്കെ അഭിമാനത്തിന്റെയും ദുരഭിമാനത്തിന്റെയും ചിഹ്നങ്ങളാവുന്നത്.

മുസ്‌ലിം നാമധാരികൾ 'ഇന്ത്യ 60'ലെയും, 'അധിനിവേശ'ത്തിലെയും കഥാപാത്രങ്ങളെക്കാൾ അധഃപതിച്ചിരിക്കുന്നുവെന്നതല്ലേ നേര്. കഥാകാരൻ എഴുതിപ്പിടിപ്പിച്ചതുപോലെ ദോഷങ്ങൾ ഉള്ള ഒരു കഥാപാത്രത്തെയും കുറിപ്പുകാരി യഥാർഥ ജീവിതത്തിൽ കണ്ടുമുട്ടിയില്ല എന്നാണെങ്കിൽ സഹോദരീ, താങ്കളുടെ സൗഭാഗ്യമോർത്ത് ഒരുപാടു സന്തോഷം!

**അശ്റഫ് ബശീർ ഉളിയിൽ**

അതേ ആഗ്രഹങ്ങൾ തന്നെയാണ് കമ്യൂണിസത്തിന്റെയും ആഗ്രഹങ്ങൾ എന്നതിനാൽ മുതലാളിത്ത വ്യവസ്ഥക്ക് മേൽകൈ ലഭിച്ചയിടങ്ങളിൽ മനുഷ്യൻ അനുഭവിക്കുന്ന അന്യവത്കരണം കമ്യൂണിസ്റ്റ് വ്യവസ്ഥക്കു കീഴിലും അവൻ അനുഭവിച്ചു. പ്രപഞ്ചവുമായും ജൈവ വ്യവസ്ഥയുമായും മനുഷ്യനുള്ള ബന്ധം വിശദീകരിക്കുന്നതിൽ മുതലാളിത്തത്തിനു പറ്റിയ പരാജയംതന്നെയാണ് കമ്യൂണിസത്തിനും ശുദ്ധ ശാസ്ത്രവാദത്തിനും പറ്റിയത്. മനുഷ്യന്റെ അടിസ്ഥാന ചോദനയായ ആത്മീയതയെ അവഗണിച്ചതാണ് ഈ പ്രത്യയശാസ്ത്രങ്ങളുടെയും അവയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പരിഷത്തു പോലുള്ള സംഘടനകളുടെയും പരാജയത്തിനു കാരണമായത്.

**ഹനീഫ് വളാഞ്ചേരി**

# ബദൽ രീതികളും പരീക്ഷിച്ചുകൂടേ?

**'കേരള** മോഡൽ ആരോഗ്യം അഥവാ ഹൈടെക് കൊള്ള' എന്ന ലേഖനം (ലക്കം 40) ആതുരമേഖലയിൽ പിടിമുറുക്കിയിരിക്കുന്ന ബ്ലേഡ് മാഫിയകളുടെ മറ്റൊരു മുഖം അനാവരണം ചെയ്യുന്നു. കേരളത്തിലെ പല പ്രശസ്ത പണമിടപാടു സ്ഥാപനങ്ങളും നേരിട്ടും ബിനാമി വഴിയും ആതുര ശുശ്രൂഷയുടെ പേരിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മെഡിക്കൽ കോളേജുകളും നടത്തുമ്പോൾ അവരിൽനിന്ന് എന്ത് ധാർമികതയാണ് ജനത്തിന് പ്രതീക്ഷിക്കാനുള്ളത്? രോഗി മരിച്ചിട്ടും ബില്ലടക്കാൻ നിർവാഹമില്ലാതെ മൃതശരീരം കോൾഡ് സ്റ്റോറിൽ തടഞ്ഞുവെച്ച സംഭവങ്ങൾ. മൃതശരീരം തടഞ്ഞുവെക്കുന്ന ഓരോ ദിവസത്തിനും ബില്ലിൽ തുക കൂടിക്കൊണ്ടിരിക്കും. അതും അവർക്ക് മുതൽക്കൂട്ടാണല്ലോ. ഹൃദയാഘാതമുണ്ടായി മരണപ്പെട്ടവരെ പോലും സാങ്കേതികത്വത്തിന്റെ പേരിൽ പിടിച്ചുവെച്ച് പതിനായിരങ്ങൾ ഈടാക്കിയ സംഭവം ഈ കുറിപ്പുകാരന് നേരിട്ടറിയാം. മാതൃസ്നേഹവും ജീവകാരുണ്യവുമൊക്കെ പ്രസംഗിച്ചും അനുഗ്രഹങ്ങൾ ചൊരിഞ്ഞും നടക്കുന്നവരും ഇതിൽനിന്നൊഴിവല്ല.

സാധാരണക്കാർക്കു മാത്രമല്ല, ഒരുവിധം സാമ്പത്തിക സൗകര്യം ഉള്ളവർക്കുപോലും ചികിത്സ താങ്ങാവുന്നതിലും അപ്പുറമായിരിക്കുന്നു. ഭീമമായ തുക മുടക്കി ചികിത്സിച്ചിട്ടും രോഗം ഭേദമാകാതെ വൻ കടബാധ്യതയോടൊപ്പം ആളും നഷ്ടപ്പെട്ട എത്രയോ അനുഭവങ്ങൾ. ഇത്തരം അനുഭവങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട് ചെലവു കുറഞ്ഞ ബദൽ ചികിത്സാ രീതിയെക്കുറിച്ച് എത്തിക്സ് വറ്റിയിട്ടില്ലാത്ത ഡോക്ടർമാരും ഗവേഷകരും കാര്യമായി ചിന്തിക്കേണ്ടിയിരിക്കുന്നു. അലോപതിയല്ലാതെ മറ്റൊന്നും ഫലപ്രദമാവുകയില്ല എന്ന ചിന്ത ജനങ്ങൾ വെടിയുന്നതോടൊപ്പം തങ്ങളാണ് ഉന്നതരെന്ന മിഥ്യാധാരണ മാറ്റാൻ അലോപതിക്കാരും തയാറാകേണ്ടിയിരിക്കുന്നു.

**കെ.എ ജബ്ബാർ അമ്പലപ്പുഴ**

## ▪ ചുരുക്കെഴുത്ത്

**മദ്റസാ** വിദ്യാഭ്യാസത്തെ സംബന്ധിച്ച ചർച്ച ആവർത്തന വിരസതയുണ്ടാക്കുന്നു. നാലു വർഷം മുമ്പ് കേരളത്തിലെ മത നേതൃത്വത്തിന്റെ തലപ്പത്തുള്ളവർ ഇതേ വിഷയം *പ്രബോധന*ത്തിൽ ചർച്ച ചെയ്തിരുന്നു. അന്ന് ഉയർന്നുവന്ന നിർദേശങ്ങളിൽ ഒന്നുപോലും നടപ്പാക്കാതെ ചർച്ച തുടരുകയാണ്!

**ശമീം തൃത്താലയ**

# എല്ലാ വിഭാഗവും ഒന്നിച്ച് ശബ്ദമുയർത്തട്ടെ

**'ലഹരി** ബാധിച്ച സമുദായം' എന്ന കുറിപ്പ് (ലക്കം: 38) വായിച്ചു. ഒരു വർഷം കേരളക്കാർ അരിവാങ്ങുന്നത് 2800 കോടി രൂപക്കാണെങ്കിൽ അതേ കാലയളവിൽ മദ്യത്തിന് വേണ്ടി ചെലവഴിക്കുന്ന സംഖ്യ 12000 കോടി രൂപയാണ്. മദ്യം കഴിച്ചുണ്ടാകുന്ന അപകടങ്ങൾക്കും രോഗങ്ങൾക്കുമായി ചെലവഴിക്കുന്നത് ഇതിന്റെ മൂന്നിരട്ടി സംഖ്യയും. നഷ്ടം ജനതക്കു മാത്രമല്ല, സർക്കാരിനും.

മാറിമാറി വരുന്ന സർക്കാറുകൾ മദ്യം വിളമ്പുന്നതിൽ മത്സരിക്കുകയാണ്. സാധാരണക്കാർക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. എല്ലാ സമുദായങ്ങളിലെയും മതനേതാക്കളും പണ്ഡിതന്മാരും ഉൽപതിഷ്ണുക്കളും ചേർന്ന് സംഘടിതമായി ശബ്ദമുയർത്തുകയാണെങ്കിൽ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് ചെവികൊടുക്കാതിരിക്കാൻ കഴിയില്ല.

**അബ്ദുൽഗനി വാടാനപ്പള്ളി**

# ലക്ഷ്യം പണമാകുമ്പോൾ...!

**'കുടിച്ചു** തുലയുന്ന കേരളം' എന്ന കവർസ്റ്റോറിയും അതിന്റെ പ്രതികരണങ്ങളും (ലക്കം: 37,38) വായിച്ചു. പകലന്തിയോളം പണിയെടുത്ത പാവപ്പെട്ടവന്റെ വിയർപ്പിന്റെ വിഹിതം സർക്കാറിന്റെ ഖജനാവിലെത്തിക്കാൻ മദ്യവും ലോട്ടറിയും പോലെ എളുപ്പവഴി മറ്റൊന്നില്ല. പെരുകുന്ന മദ്യാലയങ്ങളും ഭാഗ്യാലയങ്ങളും ഭരണവർഗത്തിന്റെ ജീർണതയുടെ മുഖങ്ങളാണ്. വിദ്യാലയങ്ങളും മദ്യാലയങ്ങളും ദേവാലയങ്ങളും തോളുരുമ്മി നിൽക്കുന്നു. കേരളത്തിൽ ഇന്നു കണ്ടുവരുന്ന എല്ലാ അസാന്മാർഗിക വൃത്തികളുടെയും അടിവേര് മദ്യമാണ്. അതിനു വഴിവെച്ചുകൊടുക്കുന്നത് മാറിമാറിവരുന്ന ഭരണകൂടങ്ങളും. മാനുഷിക മൂല്യങ്ങൾക്ക് യാതൊരു വിലയും കൽപിക്കാത്ത കേവല ആർത്തിയുടെ വാക്താക്കളായിത്തീർന്നിരിക്കുന്നു നമ്മുടെ ജനനായകരിലധികവും. തിന്മകളുടെ മാതാവായ മദ്യത്തെ പൂർണമായും നിരോധിക്കുന്നതുകൊണ്ട് കേരളം ദാരിദ്ര്യക്കയത്തിലേക്ക് ആണ്ടുപോകുമെന്ന കൊഞ്ഞനം കുത്തൽ, മദ്യമാഫിയയുടെ കറൻസികെട്ടുകൾക്കു മുമ്പിൽ കണ്ണ് മഞ്ഞളിച്ച കപട രാഷ്ട്രീയക്കാരന്റെ കണ്ടെത്തലുകൾ മാത്രം! ലക്ഷ്യം പണമാകുമ്പോൾ മാർഗം എന്തുമാവാം!

**അലവി വീരമംഗലം**